(ബി) ഇതു സംബന്ധിച്ച് നിർദ്ദേശങ്ങളൊന്നും ഗവൺമെന്റിൽ കിട്ടിയിട്ടില്ല.

(സി) നിർദ്ദേശം കിട്ടിയാൽ പരിഗണിക്കുന്നതാണ്.

12 (2569) ലോക്കൽ ഫണ്ട് ആഡിറ്റ് ആഫീസ് മേധാവികളുടെ അധികാരങ്ങൾ

ശ്രീ. എ. കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോക്കൽ ഫണ്ട് ആഡിറ്റ് ആഫീസ് തലവൻമാരുടെ തസ്തികകളിൽ ഒഴിവുവരുമ്പോൾ തൊട്ടടുത്ത സ്ഥാനത്തുള്ള ഉദ്യോഗസ്ഥന് ചാർജ്ജ് നൽകുന്നതിന് വകുപ്പ് ഡയറക്ടർക്ക് അധികാരം നൽകിയിട്ടുണ്ടോ;

(ബി) ഇങ്ങനെ ചാർജ്ജ് നൽകാത്തതുമൂലം താഴ്ന്ന ജീവനക്കാർക്ക് ശമ്പളമുൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകുവാനുണ്ടാകുന്ന കാലതാമസം ഗവൺമെന്റിന്റെ ശ്രദ്ധയിൽവന്നിട്ടുണ്ടോ;

(സി) എങ്കിൽ ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർക്ക് ഈ അധികാരം നൽകാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) പരിശോധിക്കുന്നതാണ്.

13 (2570) ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിലെ പുതിയ തസ്തികകൾ

ശ്രീ. എ. കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിൽ പുതുതായി എത്ര തസ്തികകളാണ് അനുവദിച്ചിട്ടുള്ളത്;

(ബി) തസ്തികകൾ തിരിച്ചുള്ള കണക്കുകൾ വിശദീകരിക്കുമോ;

(സി) 1996-ൽ അനുവദിച്ച പല തസ്തികകളും വെട്ടിക്കുറച്ചു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ നിജസ്ഥിതി വെളിപ്പെടുത്തുമോ;

(ഡി) ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിലെ ഡി.പി.സി. യഥാസമയം കൂടാത്തതിനാൽ ഉയർന്ന തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം ലഭിക്കുവാൻ കാലതാമസം നേരിടുന്നുവെന്ന പരാതി ഗവൺമെന്റിനു ലഭിച്ചിട്ടുണ്ടോ;

(ഇ) ഡി.പി.സി. അവസാനമായി കൂടിയതെന്നാണ്;

(എഫ്) അടിയന്തിരമായി ഡി.പി.സി. കൂടി ഉദ്യോഗക്കയറ്റങ്ങളിൻമേൽ അടിയന്തിര തീരുമാനമെടുക്കുവാൻ നടപടി സ്വീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly